ഉത്തരം

(എ) ആലപ്പാട് പഞ്ചായത്തിലെ വെള്ളനാതുരുത്ത്, ജയന്തി കോളനി, ചെറിയഴീക്കൽ, അഴീക്കൽ എന്നീ സ്ഥലങ്ങളിൽ കടൽഭിത്തി നിർമ്മാണം പുരോഗമിച്ചുവരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കടൽഭിത്തി നിർമ്മാണത്തിനും നിലവിലുള്ള കടൽഭിത്തിയുടെ പുനരുദ്ധാരണത്തിനും വേണ്ടി 3.27 കോടി രൂപയുടെ പണികൾ നടന്നുവരുന്നു.

(ബി ആന്റ് സി) ജയന്തി കോളനി പ്രദേശത്ത് ചെയിനേജ് 43.900 മുതൽ 44.140 കി.മീ. വരെയുള്ള 240 മീറ്റർ നീളത്തിൽ കടൽഭിത്തി നിർമ്മിക്കുന്നതിനായി 36 ലക്ഷം രൂപ അടങ്കൽ തുകയ്ക്കുള്ള മൂന്ന് പ്രവൃത്തികൾ ഏറ്റെടുത്തിട്ടുണ്ട്. ബാക്കി 380 മീറ്റർ നീളം സംരക്ഷിക്കുന്നതിനുള്ള പ്രവൃത്തിക്ക് ഫണ്ടിന്റെ ലഭ്യത അനുസരിച്ച് അനുമതി നൽകുന്നതാണ്.

(ഡി) ഫണ്ടിന്റെ ലഭ്യത അനുസരിച്ച് പൂർത്തിയാക്കുന്നതാണ്.

ബേപ്പൂർ മണ്ഡലത്തിലെ കടലുണ്ടി മുതൽ കപ്പലങ്ങാടി വരെയുള്ള ഭാഗത്തെ കടൽഭിത്തിയുടെ പുനർനിർമ്മാണം

71 [1873] ശ്രീ. വി. കെ. സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബേപ്പൂർ മണ്ഡലത്തിലെ കടലുണ്ടി മുതൽ കപ്പലങ്ങാടി വരെയുള്ള ഭാഗത്തെ കടൽഭിത്തി താഴ്ന്നുപോയതിനെ തുടർന്ന് ഈ പ്രദേശത്തെ ശക്തമായ കടലാക്രമണ ഭീഷണി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ കടൽഭിത്തി പുനർനിർമ്മിക്കണമെന്ന ആവശ്യം പരിഗണിച്ചിട്ടുണ്ടോ;

(സി) ഇതിനായി എത്ര തുക വേണ്ടിവരുമെന്ന് കണക്കാക്കി എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ;

(ഡി) എസ്റ്റിമേറ്റിന് ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ചിട്ടുണ്ടോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) കടലുണ്ടി മുതൽ കപ്പലങ്ങാടി വരെയുള്ള ഭാഗത്തിൽ ഉൾപ്പെട്ട തകർന്ന കടൽഭിത്തിയുടെ ഒരു കി.മീറ്റർ നീളം പുനർനിർമ്മിക്കാൻ നാഷണൽ കോസ്റ്റൽ പ്രൊട്ടക്ഷൻ പ്രോജക്ടിൽപ്പെടുത്തി 124 ലക്ഷം രൂപയ്ക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി കേന്ദ്ര അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. ഇതിൽ ഉൾപ്പെടാത്ത ഭാഗത്തിന് എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.

(ഡി) ഇല്ല.

തിരുവനന്തപുരം കോർപ്പറേഷനിലെ ഡ്രെയിനേജ് സിസ്റ്റത്തിലെ വീഴ്ച

72 [1874] ശ്രീ. സി. മോയിൻകുട്ടി:

„ വി. കെ. ഇബ്രാഹിംകുഞ്ഞ്:

„ പി. കെ. അബ്ദുറബ്ബ്:

„ കളത്തിൽ അബ്ദുള്ള:

„ ഇ. ടി. മുഹമ്മദ് ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രധാന പട്ടണങ്ങളിൽ എല്ലാം ഡ്രെയിനേജ് സിസ്റ്റം പ്രവർത്തിക്കുന്നുണ്ടോ;

(ബി) തിരുവനന്തപുരം കോർപ്പറേഷൻ അതിർത്തിയിൽ ഡ്രെയിനേജിന് വേണ്ടി പൈപ്പുകൾ കുഴിച്ചിട്ടും പ്രവർത്തനം തുടങ്ങാതിരിക്കുന്ന സ്ഥലങ്ങൾ ഉണ്ടെന്നത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഈ സ്ഥലങ്ങളിൽ ഡ്രെയിനേജ് പ്രവർത്തനം ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) എങ്കിൽ എന്നത്തേക്ക് പ്രവർത്തനം ആരംഭിക്കും;

(ഇ) ഡ്രെയിനേജ് ലൈനുകൾക്ക് സമീപമുള്ള പ്രദേശത്തെ വീടുകൾക്കും കണക്ഷൻ ലഭ്യമാക്കാൻ ചെറിയ ബ്രാഞ്ച് ലൈനുകൾ സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് തിരുവനന്തപുരം നഗരത്തിലും, കൊച്ചി നഗരത്തിലും ഭാഗികമായി ഡ്രെയിനേജ് സിസ്റ്റം പ്രവർത്തിക്കുന്നുണ്ട്. കൂടാതെ കോഴിക്കോട് മെഡിക്കൽ കോളേജിൽ ഡ്രെയിനേജ് സിസ്റ്റം പ്രവർത്തിക്കുന്നുണ്ട്.

(ബി) ഉണ്ട്.

(സി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly